# വ്യവസായ മേഖലയ്ക്ക് നൽകുന്ന പരിഗണന സർക്കാരുകൾ കാർഷിക മേഖലയ്ക്ക് നൽകുന്നില്ല: മന്ത്രി ഇ ചന്ദ്രശേഖരൻ

06/01/18 Janayugom

കാസർകോട്: രാജ്യത്തിന്റെ നട്ടല്ലായ കാർഷിക മേഖലയ്ക്ക് വ്യവസായ മേഖലയ്ക്ക്നൽകുന്ന പരിഗണന നൽകുന്നില്ലെന്ന് റവന്യൂ വകുപ്പ് മന്ത്രി ഇ ചന്ദ്രശേഖരൻ പറഞ്ഞു. സി പി സി ആർ ഐ യിൽ നടക്കുന്ന അഗ്രിഎക്സ്പോ 2018 ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ബാങ്കുകൾ കിട്ടാകടത്തിന്റെ പേരിൽ വ്യവസായങ്ങൾക്ക് വേണ്ടി എടുത്ത ലക്ഷകണക്കിന് കോടി രൂപ യുടെ വായ്പകൾ കേന്ദ്രസർക്കാരിന്റെ അറിവോടെ ബാങ്കുകൾ എഴുതി തള്ളുമ്പോൾ വിളനാശത്തിന്റെ പേരിലും പ്രകൃതി ക്ഷോഭത്തിന്റെ പേരിലും കഷ്ടത അനുഭവിക്കുന്ന കർഷകരുടെ വായ്പകൾ കുടിശ്ശികയായാൽ ജപ്തി ചെയ്യുന്ന നടപടിയാണ് സ്വീകരിക്കുന്നത്. സമൂഹത്തിൽ ഏറ്റവും അധികം പ്രാധാന്യം അർഹിക്കുന്നത് കാർഷിക മേഖലയ്ക്കാണ്. എന്നാർ ആ കാർഷികമേഖലയെയും കൃഷിക്കാരെയും അർഹിക്കുന്ന ഗൗരവത്തോടെ നമ്മുടെ ഭരണാധികാരികൾ ശ്രദ്ധിക്കുന്നുണ്ടോ എന്നത് പരിശോധിക്കണം. രാജ്യത്തെ വ്യവസായ സംരഭകർക്ക് നൽകുന്ന ആനുകൂലം വ്യവസായ മേഖലയ്ക്ക് നൽകുന്ന ആനുകുല്യം പലപ്പോഴും കാർഷിക മേഖലയ്ക്ക് ലഭിക്കാതെ പോകുന്നുവെന്നതാണ് വലിയ പരാതിയായി നിലനിൽക്കുന്നത്. നമ്മുടെ രാജ്യം കർഷക രാജ്യമെന്ന് പറയുമ്പോഴും എഴുത് ശതമാനം ജനങ്ങളും കാർഷിക മേഖലയിലായിരിക്കുമ്പോഴും അതിന് അനുസരിച്ച് ആ മേഖല വളർന്നു ശക്തിപ്പെടുന്നില്ല എന്നത് എന്തുകൊണ്ട് പരിശോധിക്കണം. സ്വാതന്ത്ര്യത്തിന് മുമ്പേ ഉണ്ടായ തോട്ടവിള ഗവേഷണ കേന്ദ്രങ്ങൾ നടത്തിയ ഗവേഷണങ്ങൾ പൂർണമായി കാർഷിക മേഖലയ്ക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല. ഇത് കർഷകരിൽ എത്തിക്കുന്നതിൽ ഭരണാധികാരികള് വീഴ്ച വരുത്തുന്നുണ്ടോയെന്ന് പരിശോധിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഉൽപ്പാദനം വർദ്ധിപ്പിക്കാൻ എടുക്കുന്ന മാർഗങ്ങളെ അടിസ്ഥാനപ്പെടുത്തി വലിയ പ്രോത്സാഹനം നൽകാനും ദീർഘകാലവായ്പകൾ നൽകാനും വായപകൾ തിരിച്ചടക്കാനും വിളനാശം സംബന്ധിച്ച വിഷയങ്ങളിൽ കൃഷിക്കാരോട് കാണിക്കുന്ന സമീപനങ്ങളിൽ മാറ്റമുണ്ടാകണം. സംഭരണവും സംസ്ക്കരണവും ഉണ്ടായാൽ അത് കർഷകർക്ക് ഏറെ പ്രയോജനം ചെയ്യും. ആധുനിക കാലത്ത് ഉൽപ്പാദന വർദ്ധനവിന് വേണ്ടി ഉപയോഗിച്ച കീടനാശിനികൾ ഉണ്ടാക്കിയ ഭവിഷത്തുകൾ നമ്മുടെ മുന്നിലുണ്ട്. കീടനാശികൾ നിന്ത്രണങ്ങളില്ലാതെ ഉപയോഗിച്ചതിന്റെ ദുരന്തങ്ങൾ ഏറ്റുവങ്ങിയ ജില്ലയാണ് കാസർകോട്. അതുകൊണ്ടുതന്നെ ജൈവ കൃഷി പ്രോസ്താഹിപ്പിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. പ്രിൻസിപ്പൽ കൃഷി ഓഫീസർ ടി. ആർ. ഉഷാദേവി സാങ്കേതിക വിദ്യകൾ കർഷകരിലേക്ക് എത്തിക്കുന്നതിൽ അഗ്രി എക്സ്പോയുടെയും ആത്മയുടെയും പങ്ക് വിശദീകരിച്ചു. ഐ.എം.സി. അംഗം സുരേഷ് കുമാർ ഷെട്ടി. സി. പി. സി. ആർ. ഐ. ഡയറക്ടർ ഡോ. പി. ചൗടപ്പ, ഡോ. തമ്പാൻ സംസാരിച്ചു.